# കേരള സർവകലാശാല

നം. പി.ആർ.029/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

## പ്രത്യേക സിൻഡിക്കേറ്റ് വാർത്ത

### ലോ അക്കാദമി വിഷയം

ലോ അക്കാദമി പ്രിൻസിപ്പൽ ഡോ. പി. ലക്ഷ്മി നായരെ പരീക്ഷ ജോലികളിൽ നിന്നും മാറ്റുന്നതടക്കമുള്ള സർവകലാശാല നിർദ്ദേശങ്ങൾ അംഗീകരിച്ചു കൊണ്ടും പ്രിൻസിപ്പൽ സ്ഥാനത്ത് ലക്ഷ്മി നായർ അഞ്ചു വർഷത്തേക്കു തുടരില്ല എന്ന് അറിയിച്ചുകൊണ്ടും ഇന്ന് (6.02.2017) ലോ അക്കാദമി മാനേജ്മെന്റിൽ നിന്നും ലഭിച്ച കത്ത് സ്വീകരിച്ച് തുടർ നടപടികളെടുക്കാൻ ഇന്ന് ചേർന്ന സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു. മതിയായ യോഗ്യതയുള്ള ഒരാളെ പ്രിൻസിപ്പൽ സ്ഥാനത്തേക്ക് നിയമിക്കാൻ ലോ അക്കാദമി മാനേജ്മെന്റിന് നിർദ്ദേശം നൽകും. സിൻഡിക്കേറ്റ് ഉപസമിതി റിപ്പോർട്ടിൻമേലുള്ള നടപടികൾ ത്വരിതപ്പെടുത്താനുള്ള സർക്കാർ നിർദ്ദേശം നടപ്പിലാക്കും. ലോ അക്കാദമി പ്രിൻസിപ്പൽ ഡോ. പി. ലക്ഷ്മി നായരുടെ ബിരുദം സംബന്ധിച്ച ആരോപണത്തിൻമേൽ സിൻഡിക്കേറ്റംഗം ഡോ. എം. ജീവൻലാൽ അവതരിപ്പിച്ച പ്രമേയം സിൻഡിക്കേറ്റ് പരീക്ഷ കമ്മറ്റിയുടെ പരിഗണനക്ക് വിടാനും തീരുമാനിച്ചു.

### മഹാത്മാ അയ്യങ്കാളി അനുസ്മരണ പ്രഭാഷണം

മഹാത്മ അയ്യങ്കാളിയുടെ 75-ാം ചരമ വാർഷികത്തോടനുബന്ധിച്ച് കേരള സർവകലാശാലയുടെ അയ്യങ്കാളി ചെയർ അനുസ്മരണ പ്രഭാഷണം നടത്തും. ബുധനാഴ്ച (ഫെബ്രുവരി എട്ട്) രണ്ട് മണിക്ക് സർവകലാശാല സെനറ്റ് ചേംബറിൽ പ്രൊ. വൈസ് ചാൻസിലർ ഡോ. എൻ. വീരമണികണ്ഠന്റെ അധ്യക്ഷതയിൽ ചേരുന്ന ചടങ്ങ് പട്ടിക ജാതി പട്ടിക വർഗ വകുപ്പ് മന്ത്രി ശ്രീ.എ.കെ. ബാലൻ .ഉദ്ഘാടനം ചെയ്യും. KSFDC ചെയർമാനും പ്രമുഖ ചലച്ചിത്രകാരനുമായ ശ്രീ. ലെനിൻ രാജേന്ദ്രൻ, മുഖ്യ പ്രഭാഷണവും, മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് സോഷ്യൽ സയൻസസ് അസോസിയേറ്റ് പ്രൊഫ. ഡോ. പി. സനൽ മോഹൻ അനുസ്മരണ പ്രഭാഷണവും നടത്തും. സിൻഡിക്കേറ്റംഗങ്ങളായ അഡ്വ. എ.എ. റഹീം, ശ്രീ. കെ. എസ്. ഗോപകുമാർ എന്നിവർ ആശംസകളർപ്പിക്കും. ഇതോടനുബന്ധിച്ച് രാവിലെ 10 മണി മുതൽ പുരാവസ്തു വകുപ്പ് നടത്തുന്ന പ്രദർശനവും ഉണ്ടായിരിക്കും.

### ബി.എസ്സി സബ്സിഡിയറി പുന:പരിശോധന

കേരള സർവകലാശാല ജനുവരി നാലിന് പ്രസിദ്ധീകരിച്ച ബി.എസ്സി പാർട്ട് ഒന്ന്, രണ്ട്, മൂന്ന് സബ്സിഡിയറി പരീക്ഷയുടെ പുന:പരിശോധനയ്ക്ക് ഫെബ്രുവരി 28 വരെ അപേക്ഷിക്കാം.

### എം.എസ്സി അപ്ലൈഡ് സൈക്കോളജി പരീക്ഷാഫലം

കേരള സർവകലാശാല 2016 ജൂലൈയിൽ നടത്തിയ എം.എസ്‌സി അപ്ലൈഡ് സൈക്കോളജി 2014–2016 ബാച്ച് (സി.എസ്.എസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. ഐശ്വര്യ.ആർ. യു. (രജി.നം. PSY 140501) ഒന്നാം റാങ്ക് നേടി.

## എം.എ അറബിക് ലാംഗ്വേജ് & ലിറ്ററേച്ചർ മാർക്ക്‌ലിസ്റ്റ്

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ കേന്ദ്രം 2016 ജൂലൈ/ആഗസ്റ്റ് മാസങ്ങളിൽ നടത്തിയ എം.എ അറബിക് ലാംഗ്വേജ് & ലിറ്ററേച്ചർ പ്രീവിയസ്, ഫൈനൽ (റെഗുലർ/റീ അപ്പീയറൻസ്) പരീക്ഷയുടെ മാർക്ക്‌ലിസ്റ്റുകൾ ഫെബ്രുവരി ഏഴ്, എട്ട് തീയതികളിൽ എസ്.ഡി.ഇ പാളയം ഓഫീസിൽ നിന്നും ഹാൾടിക്കറ്റും ഡിഗ്രി കോപ്പിയും സഹിതം കൈപ്പറ്റേണ്ടതാണ്.

## ബി.ടെക് കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ് ലാബ് പരീക്ഷ

കേരള സർവകലാശാല 2016 നവംബറിൽ നടത്തിയ ബി.ടെക് എട്ടാം സെമസ്റ്റർ കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ് ബ്രാഞ്ചിന്റെ (2008 സ്കീം) ലാബ് പരീക്ഷ ഫെബ്രുവരി പത്തിന് തുടങ്ങും.

തിരുവനന്തപുരം.
06.02.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098